## പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 1049   14.06.2012- ൽ മറുപടിക്ക്**

### വെള്ളപ്പൊക്കദുരിതാശ്വാസ പദ്ധതിയിൽപ്പെടുത്തി പൊതുനിരത്തുകൾ നന്നാക്കുന്നതിന് നടപടി

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. വി. ശിവൻകുട്ടി | | ശ്രീ. അടൂർ പ്രകാശ്<br>(ബഹു. റവന്യൂവും കയറും വകുപ്പു മന്ത്രി) |
| (എ) | വെള്ളപ്പൊക്കദുരിതാശ്വാസ പദ്ധതി (ഫ്ളഡ്റിലീഫ്) യിൽപ്പെടുത്തി പൊതുനിരത്തുകൾ നന്നാക്കുന്നതിന് നിലവിൽ നടപടി സ്വീകരിക്കുന്നുണ്ടോ ; | (എ) | ഉണ്ട്. |
| (ബി) | എങ്കിൽ ആയതിന്റെ മാനദണ്ഡം എന്താണെന്ന് അറിയിക്കുമോ ? | (ബി) | പ്രകൃതി ദുരന്തം മൂലം റോഡുകൾക്ക് പുനരുദ്ധാരണം അനിവാര്യമായി വരുന്ന ഘട്ടത്തിൽ പുനരുദ്ധാരണ പ്രവൃത്തികൾക്ക് ഭരണാനുമതി നിലവിലുള്ള മാനദണ്ഡങ്ങൾക്ക് അനുസൃതമായി നൽകാറുണ്ട്. ഇത് പുനരുദ്ധാരണത്തിന്റെ അനിവാര്യതയുടെയും, ഫണ്ടിന്റെ ലഭ്യതയുടെ അടിസ്ഥാനത്തിലുമാണ് നൽകി വരുന്നത്. 08.10.2009 ലെ സ.ഉ (എം.എസ്) 396/2009/ഡി.എം.ഡി എന്ന സർക്കാർ ഉത്തരവിലാണ് ഇതു സംബന്ധിച്ച മാനദണ്ഡങ്ങൾ പുറപ്പെടുവിച്ചിട്ടുള്ളത്. സ്ഥലം എം.എൽ.എമാർ, ലോക്സഭ/രാജ്യ സഭാംഗങ്ങൾ, തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങൾ, മറ്റ് സന്നദ്ധ സംഘടനകൾ, പൗരസമിതികൾ, താലൂക്ക് ഡിപ്പാർട്ട്മെന്റ് കമ്മിറ്റികൾ, ഗ്രാമസഭകൾ തുടങ്ങിയവ വഴി ലഭിക്കുന്ന അപേക്ഷകൾ പരിശോധിച്ച് റോഡ് പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തുക 5 ലക്ഷം രൂപ വരെ പരിമിതപ്പെടുത്തിയാണ് നിലവിൽ വെള്ളപ്പൊക്ക ദുരിതാശ്വാസ പദ്ധതി പ്രകാരം പൊതുനിരത്തുകൾ നന്നാക്കുവാൻ സർക്കാർ ഭരണാനുമതി നൽകി വരുന്നത്. ചില പ്രത്യേക കേസുകളിൽ 5 ലക്ഷം രൂപയ്ക്ക് മുകളിലുള്ള പ്രവൃത്തികൾ അനുവദിച്ചിട്ടുണ്ട്. കൂടാതെ തകർന്ന റോഡുകൾ (മിനിമം 2 മീറ്റർ വീതിയുള്ള) പുനരുദ്ധരിക്കുന്നതിനാണ് എസ്.ഡി.ആർ.എഫ്-ൽ നിന്നും സർക്കാർ തുക അനുവദിക്കുന്നത്. പുതിയ റോഡുകളുടെ നിർമ്മാണം ഈ പദ്ധതിയിൽ ഉൾപ്പെടുന്നില്ല. ഇപ്രകാരം സർക്കാർ ഭരണാനുമതി നൽകുന്ന റോഡ് പ്രവൃത്തികൾ ഭരണാനുമതി നൽകി ഒരു വർഷത്തിനകം പൂർത്തീകരിക്കണമെന്ന് പ്രത്യേകം നിഷ്കർഷിച്ചിട്ടുണ്ട്. ഒരു വർഷം കഴിഞ്ഞാൽ പ്രസ്തുത പ്രവൃത്തികൾ സ്വയം റദ്ദാവുന്നതാണ്. |

സെക്ഷൻ ഓഫീസർ